# ഭാരതീയ ജനതാപാർട്ടി

(സെൻട്രൽ ഓഫീസ്)

11, അശോകാ റോഡ്, ന്യൂഡൽഹി–110001.

ഫോൺ– 23005700, ഫാക്സ്–23005787

ഫെബ്രുവരി 27,2013

## ബിജെപി ദേശീയ ഉപാധ്യക്ഷൻ മുഖ്താർ അബ്ബാസ് നഖ്‌വി നടത്തുന്ന പ്രസ്താവന

ന്യൂദൽഹി: ബിജെപി ദേശീയ നിർവാഹക സമിതിയോഗവും ദേശീയ സമിതിയോഗവും മാർച്ച് ഒന്നുമുതൽ ഡൽഹിയിൽ നടക്കും. ദേശീയ നിർവാഹക സമിതിയോഗം മാർച്ച് ഒന്നിനും തുടർന്നുള്ള രണ്ടു ദിവസം ദേശീയ സമിതിയുമായിരിക്കുമെന്ന് പാർട്ടി ഉപാധ്യക്ഷൻ മുഖ്താർ അബ്ബാസ് നഖ്‌വി അറിയിച്ചു.

പാർട്ടി അദ്ധ്യക്ഷൻ രാജ്നാഥ് സിംഗിന്റെ പ്രസംഗത്തോടെ ആരംഭിക്കുന്ന സമ്മേളനത്തിൽ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക വിഷയങ്ങൾ ചർച്ചചെയ്യും.

'സദ്ഭരണം ബിജെപിയുടെ ബദൽ' എന്നതാണ് ബിജെപിയുടെ തെരഞ്ഞെടുപ്പു മുദ്രാവാക്യം. ദേശീയ നിർവാഹക സമിതിയോഗത്തിൽ നാലു സമ്മേളനങ്ങളാണ്. സമിതിയിൽ ഒമ്പതെണ്ണവും. മൂന്നു ദിവസം ബിജെപി വരാൻപോകുന്ന തെരഞ്ഞെടുപ്പു കാര്യങ്ങൾ ചർച്ചചെയ്യും. സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ വിഷയങ്ങൾ ചർച്ചചെയ്യുന്നതോടൊപ്പം ഇന്നു രാജ്യം നേരിടുന്ന വെല്ലുവിളികളെയും കുറിച്ചു സമ്മേളനങ്ങൾ ചർച്ചചെയ്യുമെന്ന് നഖ്‌വി പറഞ്ഞു. അഴിമതി, കുംഭകോണങ്ങൾ, വിലക്കയറ്റം, ആഭ്യന്തര സുരക്ഷ, ദേശീയ സുരക്ഷ തുടങ്ങിയവയും ചർച്ചചെയ്യും. "അന്ത്യോദയവും സദ്ഭരണ"വുമായിരിക്കും ഏറെ ചർച്ചചെയ്യപ്പെടുക.

വരാൻ പോകുന്ന പൊതുതെരഞ്ഞെടുപ്പിന്റെ പദ്ധതികളും തന്ത്രങ്ങളും യോഗം തയ്യാറാക്കും. "സദ്ഭരണത്തിനു ബിജെപി ബദൽ" എന്ന ആശയവുമായി പാർട്ടി പ്രവർത്തകരെ നാടെങ്ങും അയക്കാൻ പദ്ധതി ഉണ്ടാക്കും.

ബിജെപിയുടെ ദേശീയ നിർവാഹക സമിതി- ദേശീയ സമിതിയംഗങ്ങൾ, പാർലമെന്റംഗങ്ങൾ, നിയമസഭാംഗങ്ങൾ, സംസ്ഥാന ഭാരരവാഹികൾ, മോർച്ചകളുടെ ദേശീയ കോർഡിനേറ്റർമാർ, കോ കോർഡിനേറ്റർമാർ, ജില്ലാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ബിജെപി മേയർമാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ഓർഗനൈസിംഗ് സെക്രട്ടറിമാർ എന്നിവരാണ് ദേശീയ സമിതി സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടത്. നഇർവാഹക സമിതി എൻഡിഎംസി കൺവൻഷൻ സെന്ററിലും ദേശീയ സമിതി തൽക്കത്തോറ ഇൻഡോർ സ്റ്റേഡിയത്തിലുമായിരിക്കും.

**(ഒ.പി.കോഹ്‌ലി)**

ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്